(ഡി)&(ഇ) വെള്ളപൂശൽ, പെയിന്റിംഗ് തുടങ്ങിയ ജോലികൾ കൂടി തീർക്കാനുള്ളതിനാലാണ് കൈമാറാൻ വൈകുന്നത്. മേൽ ജോലികൾ തീരുന്നമുറക്ക് നടപടി സ്വീകരിക്കുന്നുണ്ട്.

**211 (2527) തൃശ്ശൂർ മെഡിക്കൽ കോളേജിലെ പി.ബി.എക്സ് സിസ്റ്റം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിലെ പി.എ.ബി.എക്സ് സിസ്റ്റം പ്രവർത്തനരഹിതമായിട്ട് എത്ര വർഷമായി എന്നറിയിക്കുമോ;

(ബി) ഈ സിസ്റ്റത്തിൽനിന്നുള്ള ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിലെ എക്സ്റ്റെൻഷൻ പ്രവർത്തിക്കുന്നില്ല എന്ന് പറയാമോ;

(സി) പ്രസ്തുത സിസ്റ്റം പ്രവർത്തനക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ സിസ്റ്റത്തിന്റെ കേബിൾ ജോലികൾക്ക് കോൺട്രാക്റ്റ് നൽകിയിരിക്കുന്നത് ആർക്കാണ്;

(ഇ) പ്രവർത്തനക്ഷമമാക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(എഫ്) ഈ സിസ്റ്റം എന്നേയ്ക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്?

ഉത്തരം

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഇ.പി.എ.ബി.എക്സ് സിസ്റ്റമാണ് നിലവിലുള്ളത്.

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ, ആഡിറ്റോറിയം, വർക്ക് ഷോപ്പ്, അക്കൗണ്ട്സ് തുടങ്ങിയ വിഭാഗങ്ങളിൽ എക്സ്റ്റെൻഷൻ പ്രവർത്തിയ്ക്കുന്നില്ല.

(സി) പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആർക്കും നൽകിയിട്ടില്ല.

(ഇ) സാധാരണ ഗതിയിൽ കാലതാമസം ഉണ്ടാകാറില്ല.

(എഫ്) തകരാറുകൾ പരിഹരിച്ച് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതാണ്.

**212 (2528) തൃശൂർ മെഡിക്കൽ കോളേജിലെ പി.ബി.എക്സ് സംവിധാനം**

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിലെ പി.ബി.എക്സ് സംവിധാനം പ്രവർത്തനരഹിതമായിട്ട് എത്രവർഷമായി എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംവിധാനത്തിൽ നിന്നുമുള്ള ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിലേയ്ക്കുള്ള എക്സ്റ്റൻഷൻ പ്രവർത്തിയ്ക്കുന്നില്ല എന്നറിയിയ്ക്കുമോ;

(സി) ഈ സംവിധാനം പ്രവർത്തന ക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവർത്തനക്ഷമമാക്കാൻ ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഈ സംവിധാനത്തിന്റെ കേസിൽ ജോലികളുടെ കോൺട്രാക്റ്റ് ആർക്കാണ് നൽകിയിരിയ്ക്കുന്നതെന്ന് പറയുമോ;

(എഫ്) ഈ സംവിധാനം എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കാമെന്ന് പറയുമോ?

ഉത്തരം

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഇ.പി.എ.ബി.എക്സ് സിസ്റ്റമാണ് നിലവിലുള്ളത്.

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ, ആഡിറ്റോറിയം, വർക്ക്ഷോപ്പ്, അക്കൗണ്ട്സ് തുടങ്ങിയ വിഭാഗങ്ങളിൽ എക്സ്റ്റൻഷൻ ഇപ്പോൾ പ്രവർത്തിയ്ക്കുന്നില്ല.

(സി) പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സാധാരണ ഗതിയിൽ കാലതാമസം ഉണ്ടാകാറില്ല.

(ഇ) ആർക്കും കോൺട്രാക്റ്റ് നൽകിയിട്ടില്ല.

(എഫ്) തകരാറുകൾ പരിഹരിച്ച് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതാണ്.

**213 (2529) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ബ്ലഡ് ബാങ്ക് ടെക്നീഷ്യർമാർക്ക് ഹയർഗ്രേഡ് അനുവദിക്കാൻ നടപടി**

ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരായി നിയമിക്കപ്പെടുന്നതിന് നിലവിലുള്ള വിദ്യാഭ്യാസയോഗ്യതകൾ എന്തെല്ലാമാണ്;

(ബി) ഇവരുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാം ആണ്;

(സി) ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-1 ആയിട്ടുള്ള എത്രപേരെ ഇതുവരെയായി സിനിയോറിറ്റി അടിസ്ഥാനത്തിൽ സയന്റിഫിക് അസിസ്റ്റന്റായി പ്രൊമോട്ട് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-1 തസ്തികയിൽ എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയ എത്രപേർക്ക് സയന്റിഫിക് അസിസ്റ്റന്റിന്റെ ശമ്പളസ്കെയിൽ അനുവദിച്ച് ഹയർ ഗ്രേഡ് നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly